പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ * 367 — 24/6/2019 ൽ മറുപടിക്ക്

## കന്നുകാലിസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി പദ്ധതികൾ

ചോദ്യം

പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ.എൻ. ഷംസുദ്ദീൻ
ശ്രീ.ടി. വി. ഇബ്രാഹിം
ശ്രീ.പി.ഉബൈദുള്ള:

മറുപടി

അഡ്വ .കെ.രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ കന്നുകാലിസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ; | എ) | സംസ്ഥാനത്തെ കന്നുകാലിസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് ചുവടെ പറയുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു.<br><br>**1)ഇന്ററസ്റ്റ് സബ് വെൻഷൻ സ്കീം.**<br><br>മൃഗസംരക്ഷണ ആവശ്യങ്ങൾക്കായി കർഷകർ എടുത്തിട്ടുള്ള ബാങ്ക് ലോണുകളുടെ പലിശയ്ക്ക് പരമാവധി 5000 രൂപ വരെ സബ്സിഡി നൽകി ക്ഷീരമേഖലയെ പ്രോത്സാഹിപ്പിക്കുന്നു.<br><br>**2. ഗോവർദ്ധിനി- കന്നുകുട്ടി പരിപാലന പദ്ധതി**<br><br>സംസ്ഥാനത്ത് പ്രതിവർഷം ശരാശരി 4 ലക്ഷത്തോളം കന്നുകുട്ടികൾ ജനിക്കുന്നതായാണ് കണക്കാക്കുന്നത്. ഇതിൽ 2 ലക്ഷത്തോളം പശുക്കുട്ടികളാണ്. ഇപ്രകാരം ജനിക്കുന്ന മുഴുവൻ പശുക്കുട്ടികൾക്കും ശാസ്ത്രീയ പരിചരണം ലഭിക്കുന്നില്ല. ഇതിനാൽ പശുക്കുട്ടികളെ ദത്തെടുത്ത് മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന കന്നുകുട്ടി പരിപാലന- ഗോവർദ്ധിനി പദ്ധതികളുടെ |

| | | | |
|---|---|---|---|
| | | | കീഴിൽ കൊണ്ടു വരുന്നു. കന്നുകുട്ടിയുടെ വളർച്ച ലക്ഷ്യമാക്കി ശാസ്ത്രീയമായ തീറ്റയുടെ ആവശ്യകത കണക്കാക്കി സബ്സിഡി നിരക്കിൽ തീറ്റയും, ഇൻഷ്വറൻസ് പരിരക്ഷയും ശാസ്ത്രീയ പരിപാലനവും ഉറപ്പാക്കുന്നു. ഒരു പശുക്കുട്ടിയ്ക്ക് 12500/- രൂപ സബ്സിഡി നൽകുന്നു.<br><br>**3) സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി (ഗോസമൃദ്ധി)**<br><br>സംസ്ഥാനത്ത് ലഭ്യമായ കന്നുകാലി പദ്ധതികളിൽ വച്ച് ഏറ്റവും കുറഞ്ഞ പ്രീമിയം നിരക്കിൽ ഉരുക്കൾക്കും ക്ഷീരകർഷകർക്കും ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നു.<br><br>**4) വെറ്ററിനറി സേവനം.**<br><br>രാത്രികാല സേവനങ്ങൾ, കർഷകരുടെ വീട്ടുപടിക്കൽ അടിയന്തിര മൃഗചികിത്സാ സേവനം എന്നിവ നൽകിവരുന്നു.<br><br>**5) ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കൽ പദ്ധതി**<br><br>**6) മാതൃകാ മൃഗസംരക്ഷണ ഗ്രാമങ്ങൾ**<br><br>അതാത് മേഖലാടിസ്ഥാനത്തിൽ രൂപം കൊള്ളുന്ന പ്രൊജക്ടുകൾക്ക് മൃഗസംരക്ഷണ വകുപ്പിന്റെ സഹായമായി ഒരു പഞ്ചായത്തിന് 5 ലക്ഷം രൂപ ധനസഹായം നൽകി വരുന്നു. 2019-20-ൽ 20 പഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കും.<br><br>**7) ഊർജ്ജിത കന്നുകാലി വികസന പദ്ധതി.**<br><br>കൃത്രിമ ബീജധാനം നടത്തി മെച്ചപ്പെട്ട കന്നുകുട്ടികളെ ഉത്പാദിപ്പിക്കുന്നു. കൃത്രിമ ബീജധാനത്തിന് വേണ്ടി |

| | | | |
|---|---|---|---|
| | | | എല്ലാ വർഷവും 630 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>**8) രോഗപ്രതിരോധ പദ്ധതികൾ**<br><br>മൃഗസംരക്ഷണ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന അനിമൽ ഡിസീസ് കൺട്രോൾ പ്രോജക്റ്റ് (ADCP) ആണ് രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നത്. വർഷം തോറും രണ്ട് തവണ വീതം സംഘടിപ്പിക്കുന്ന ഭവന സന്ദർശനം വഴി സംസ്ഥാനത്ത് മുഴുവൻ കന്നുകാലികൾക്കും കുളമ്പുരോഗത്തിനെതിരെ പ്രതിരോധ കുത്തിവെയ്പ്പ് നൽകുന്ന ഗോരക്ഷാ പദ്ധതിയാണ് ഇതിൽ പ്രധാനം. കൂടാതെ ആട് വസന്ത, കോഴി-താറാവ് രോഗങ്ങൾ എന്നിവയ്ക്കെതിരെയുള്ള പ്രതിരോധ കുത്തിവെയ്പ്പുകളും എ.ഡി.സി.പി<br><br>സംഘടിപ്പിക്കുന്നു. കന്നുകാലി രോഗനിയന്ത്രണ പദ്ധതിയുടെ ആസ്ഥാന മന്ദിരം തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്നിൽ പ്രവർത്തനം ആരംഭിച്ചു.<br><br>**9) കർഷകർക്ക് നഷ്ടപരിഹാരം**<br><br>വന്യമൃഗങ്ങളുടെ ആക്രമണം, ഇടിമിന്നൽ, മുങ്ങിമരണം, വൈദ്യുതാഘാതം , സൂര്യതാപം മറ്റ് അപകടങ്ങൾ, പ്രകൃതി ദുരന്തം, ആന്ത്രാക്സ്, പേവിഷ ബാധ, ആട് വസന്ത, താറാവ് വസന്ത, പക്ഷിപ്പനി തുടങ്ങിയവ മൂലം ഉരുക്കൾ/കോഴി-താറാവ് എന്നിവ നഷ്ടപ്പെടുന്ന കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ പദ്ധതിയ്ക്കുള്ള വിഹിതം 40 ലക്ഷം രൂപയിൽ നിന്ന് ഒരു കോടി രൂപയായി വർദ്ധിപ്പിച്ചു. മറ്റ് സ്രോതസ്സുകളിൽ നിന്ന് നഷ്ടപരിഹാരം ലഭിക്കാത്തതും ഇൻഷ്വറൻസ് പരിരക്ഷ ഇല്ലാത്തതുമായ കർഷകർക്ക് പദ്ധതി വലിയ |

| | | | |
|---|---|---|---|
| | | | ഒരു ആശ്വാസമാണ്. |
| ബി) | മൊത്തം കാലിസമ്പത്തിന്റെ എത്രശതമാനമാണ് സങ്കരയിനം എന്ന് വ്യക്തമാക്കുമോ; | ബി) | മൊത്തം കാലിസമ്പത്തിന്റെ 94% വും സങ്കരയിനത്തിലുള്ളതാണ്. |
| സി) | സംസ്ഥാനത്തിനാവശ്യമായ മാംസം, പാൽ എന്നിവയുടെ ഉൽപാദനത്തിൽ സ്വയംപര്യാപ്തത നേടുവാനായി പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കുമോ ? | സി) | മൃഗസംരക്ഷണ വകുപ്പിന്റെ പ്രവർത്തനങ്ങൾ എല്ലാം തന്നെ പാൽ, മാംസം, എന്നിവയുടെ ഉൽപാദനത്തിൽ സ്വയംപര്യാപ്തത നേടുവാനായിട്ടുള്ളതാണ്. മൃഗസംരക്ഷണ വകുപ്പിന്റെ മൃഗചികിത്സാ സേവനം, പ്രജനന പ്രവർത്തനങ്ങൾ, കന്നുകാലി , ആട്, പന്നി, കോഴി, താറാവ് വികസന പദ്ധതികൾ, കർഷക പരിശീലന പരിപാടികൾ, സംരംഭകത്വ വികസന പദ്ധതി, മൃഗസമ്പത്ത് വർദ്ധിപ്പിക്കൽ പദ്ധതി എന്നിവയെല്ലാം മേൽ പ്രവർത്തനം ത്വരിതപ്പെടുത്തുന്നത് ലക്ഷ്യമിട്ടിട്ടുള്ളതാണ്.<br><br>2018-19 ൽ വ്യാവസായികാടിസ്ഥാനത്തിൽ 20 ആടുകളടങ്ങുന്ന 140 ആടുവളർത്തൽ യൂണിറ്റുകൾ സ്ഥാപിച്ചു. 1 യൂണിറ്റിന് ഒരു ലക്ഷം രൂപ ധനസഹായം നൽകി. 2019-20 ലും പ്രസ്തുത പദ്ധതി തുടരും.5 പെണ്ണാടും, 1 മുട്ടനാടും നൽകുന്ന പദ്ധതി. ഒരു ഗുണഭോക്താവിന് 25000 രൂപ ധനസഹായം ലഭിക്കും.1 യൂണിറ്റിന് 10000 രൂപ ധനസഹായം നൽകി. ഓണാട്ടുകര മേഖല വരുന്ന കൊല്ലം, ആലപ്പുഴ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കിയത്. 2018-19 ൽ കൊല്ലം ജില്ലയിൽ 440 യൂണിറ്റുകളും, ആലപ്പുഴ ജില്ലയിൽ 555 യൂണിറ്റുകളും നടപ്പിലാക്കി. കഴിഞ്ഞ വർഷം 995 യൂണിറ്റുകൾ സ്ഥാപിച്ചു. 2019-20 സാമ്പത്തിക വർഷവും പദ്ധതി തുടരും. കോഴിയിറച്ചിയുടെ ആഭ്യന്തര ഉല്പാദനത്തിലും വിപണനത്തിലും വില നിയന്ത്രണത്തിലും ഗുണമേന്മയിലും ലക്ഷ്യമിട്ട് മൃഗസംരക്ഷണ വകുപ്പ്, |

| | | | |
|---|---|---|---|
| | | | കെപ്കോ, കുടുംബശ്രീ എന്നിവയുടെ സംയുക്ത സംരംഭമായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് "കേരള ചിക്കൻ" പദ്ധതി. കുടുംബശ്രീ യൂണിറ്റുകൾ വഴി വളർത്തുന്ന കോഴികൾ വിപണന പ്രായമെത്തുമ്പോൾ ശരീര തൂക്കത്തിന് കിലോഗ്രാമിന് 85/- രൂപ നിരക്കിൽ കെപ്കോ മുഖേന വാങ്ങി വിപണനം നടത്തുവാനാണ് നിലവിൽ ധാരണയായിട്ടുള്ളത്. തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ 1000 കോഴികൾ വീതമുള്ള 10 യൂണിറ്റുകൾ വീതം ആകെ 20 യൂണിറ്റ് പൈലറ്റ് പ്രോജക്ടായി നിലവിൽ നടപ്പിലാക്കി വരുന്നു. ഘട്ടം ഘട്ടമായി, വരുന്ന 4 വർഷം കൊണ്ട് മൊത്തം 5000 യൂണിറ്റുകൾ സംസ്ഥാനമൊട്ടാകെ ആരംഭിക്കുവാനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ